# കേരള കാർഷിക സർവ്വകലാശാല

## കൃഷി വിജ്ഞാന കേന്ദ്രം, വയനാട്

## അമ്പലവയൽ– 673 593

Phone: 04936 260411, E-mail: kvkwayanad@kau.in


നം.കെ.വി.കെ/48/2025 തീയതി: 27.01.2025

## പുന: ടെൻഡർ നോട്ടീസ്

കൃഷി വിജ്ഞാൻ കേന്ദ്രം, അമ്പലവയലിൽ നിന്നും നടീൽ വസ്തുക്കൾ, ബയോ കൺട്രോൾ ഏജന്റ്സ്, സമ്പൂർണ്ണ, അയർ മുതലായ സാധനങ്ങൾ AISC, Vengeri, Kozhikode, ഇക്കോഷോപ്പുകൾ, കൃഷി ഭവനുകൾ യൂണിവേഴ്സിറ്റിയുടെ മറ്റു സ്റ്റേഷനുകൾ എന്നിവിടങ്ങളിലേക്ക് കൊണ്ടുപോകുന്നതിനായി ഗുഡ്സ് (പിക്ക് അപ്പ്) വാഹനങ്ങൾ വാടകയ്ക്ക് നല്കാൻ താല്പര്യമുള്ളവരിൽ നിന്നും നിന്നും മുദ്ര വെച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു.

**വാഹനങ്ങൾ വാടകയ്ക്ക് നൽകുന്നതിനുള്ള ടെൻഡർ**

- മിനിമം ചാർജിൽ എത്ര കിലോ മീറ്റർ ഓടുമെന്ന വിവരവും തുടർന്നുള്ള ഒരു കിലോ മീറ്ററിന് വരുന്ന നിരക്കുമാണ് ടെൻഡറിൽ കാണിക്കേണ്ടത്
- വാഹനം ഓടുന്നതിന് വേണ്ടി വരുന്ന ഒരു ദിവസത്തെ മിനിമം നിരക്ക് സൂചിപ്പിച്ചിരിക്കണം.
- ഏതു വാഹനമാണ് ഉപയോഗിക്കാൻ നൽകുന്നത് എന്ന് കാണിക്കേണ്ടതാണ്
- മറ്റേതെങ്കിലും ചാർജ് കൂടുതലായി ബാധകമാണെങ്കിൽ വിവരം ( ഡ്രൈവറുടെ ടി എ, ഡി എ, ഹാൾട്ട് വാടക, പെർമിറ്റ് ഫീ തുടങ്ങിയവ ) ടെൻഡറിൽ കാണിക്കേണ്ടതാണ്
- ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ ലൈസൻസിന്റെ പകർപ്പ് ടെൻഡറിനോടൊപ്പം ഹാജരാക്കേണ്ടതാണ്
- പ്രസ്തുത ജോലി ഏറ്റെടുക്കുന്ന ആൾക്കോ വാഹനത്തിനോ ജോലിക്കിടയിൽ ഉണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് കേരള കാർഷിക സർവകലാശാലക്ക് യാതൊരു ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല

**ടെൻഡർ കവറിന് പുറത്ത് എഴുതേണ്ടത്**

**'വാഹനങ്ങൾ വാടകയ്ക്ക് നൽകുന്നതിനുള്ള ടെൻഡർ'**

| | | |
|---|---|---|
| ടെൻഡർ ലഭിക്കേണ്ട അവസാന തീയതി, സമയം | : | **31.01.2025**, 11.00 am |
| ടെൻഡർ തുറക്കുന്ന തീയതി, സമയം | : | **31.01.2025**, 11.30 am |
| നിരതദ്രവ്യം | : | 1000/-രൂപ |
| ടെൻഡർ വില | : | 400+18% GST |
| ടെൻഡർ സമർപ്പിക്കേണ്ട വിലാസം | : | പ്രോഗ്രാം കോ-ഓർഡിനേറ്റർ, കൃഷി വിജ്ഞാന കേന്ദ്രം, വയനാട്, അമ്പലവയൽ |

**നിബന്ധനകൾ:-**

- നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ടെൻഡറുകൾ പരിഗണിക്കുന്നതല്ല.
- കാർഷിക സർവ്വകലാശാലയുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുന്ന നിർദ്ദിഷ്ട ഫോറത്തിൽ, 200/- രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി സഹിതമാണ് ടെൻഡർ സമർപ്പിക്കേണ്ടത്.

- ടെൻഡർ സമർപ്പിച്ചവർക്ക് ഒരിക്കൽക്കൂടി അവസരം ലഭിക്കുന്നതിന് അപ്പോൾ ഹാജരുള്ള ടെൻഡർകാരെ മാത്രം ഉൾപ്പെടുത്തി ടെൻഡർ തുറക്കുന്നതിന് മുൻപായി അന്നേ ദിവസം ആവശ്യമെങ്കിൽ ലേലം നടത്തുന്നതാണ്.
- ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ടെൻഡർ തൃപ്തികരമെങ്കിൽ സ്വീകരിക്കുന്നതാണ്.
- യാതൊരു കാരണവും കാണിക്കാതെ തന്നെ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ടെൻഡർ സ്വീകരിക്കുന്നതിനോ, നിരാകരിക്കുന്നതിനോ ഈ ഓഫീസിലെ മേധാവിക്ക് അധികാരമുണ്ടായിരിക്കും. ടെൻഡർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം 200 രൂപയുടെ മുദ്ര പത്രത്തിൽ എഗ്രിമെൻറ് സമർപ്പിക്കേണ്ടതാണ്.
- ടെൻഡർ ഉറപ്പിക്കുന്ന വ്യക്തി, ഈ ഓഫീസിൽ നിന്നുള്ള നിർദ്ദേശങ്ങൾക്ക് അനുസരിച്ച് സമയബന്ധിതമായി പ്രവർത്തിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിരതദ്രവ്യം സർവ്വകാലാശാലയ്ക്ക് മുതൽക്കൂട്ടാവുന്നതും തക്കതായ നടപടികൾ സ്വീകരിക്കുന്നതുമാണ്
- സർക്കാർ ടെൻഡറിലെ എല്ലാ നിബന്ധനകളും ഈ ടെൻഡറിനും ബാധകമാണ്.
- ടെൻഡർ ദിവസം അവധി പ്രഖ്യാപിക്കുകയോ പൊതുജനങ്ങൾക്ക് യാത്രാ തടസ്സം ഉണ്ടാക്കുകയോ ചെയ്താൽ തൊട്ടടുത്ത പ്രവർത്തി ദിനത്തിൽ രാവിലെ 11.30 ന് ടെൻഡർ തുറക്കുന്നതാണ്.
- ടെൻഡർ വിലയും നിരതദ്രവ്യത്തിനും അംഗീകൃത ബാങ്കുകളുടെ പ്രോഗ്രാം കോ-ഓർഡിനേറ്റർ,കൃഷി വിജ്ഞാന കേന്ദ്രം, വയനാട്, അമ്പലവയലിൻറെ പേരിൽ SBI കൊളഗപ്പാറ ബ്രാഞ്ചിൽ മാറാൻ കഴിയുന്ന ഡ്രാഫ്റ്റുകളായോ, നേരിട്ട് പണമായോ ഓഫീസിൽ ഒടുക്കിയ രശീതി അടക്കം ചെയ്തോ ടെൻഡറുകൾ സമർപ്പിക്കാം.
- സ്ഥാപനത്തിൻറെ/വ്യക്തിയുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ടെൻഡറിനോടൊപ്പം നൽകേണ്ടതാണ്.
- കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിനങ്ങളിൽ ഓഫീസിൽ നിന്ന് അറിയാവുന്നതാണ്.

[signature] 27/1/25

പ്രോഗ്രാം കോഓർഡിനേറ്റർ

PROGRAMME CO-ORDINATOR
KVK WAYANAD

പകർപ്പ്:-

1. അമ്പലവയൽ ഗ്രാമപഞ്ചായത്ത്
2. അമ്പലവയൽ വില്ലേജ് ഓഫീസ്
3. ആർ.എ.ആർ.എസ്. അമ്പലവയൽ
4. കെ.എ.യു വെബ് സൈറ്റ്
5. ഡോ.ദീപ സുരേന്ദ്രൻ, പ്രോഗ്രാം കോഓർഡിനേറ്റർ.
6. നോട്ടീസ് ബോർഡ്.

KRISHI VIGYAN KENDRA
AMBALAVAYAL, PIN: 673 593
KERALA AGRICULTURAL UNIVERSITY